# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം ടി.5272

## 01.07.2019 ന് മറുപടിയ്ക്ക്

### കുടുംബക്ഷേമ സഹായ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.കുഞ്ഞിരാമൻ | | ഡോ. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി |
| A. | ഗൃഹനാഥൻ അകാലത്തിൽ മരണപ്പെട്ടാൽ നൽകുന്ന കുടുംബക്ഷേമ സഹായ പദ്ധതി (ഫാമിലി ബെനിഫിറ്റ് സ്കീം) നിലവിൽ നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | A | ഉണ്ട്. 19/10/1977 ലെ സ. ഉ.(പി) നം 405/77/ധന ഉത്തരവ് പ്രകാരമാണ് സംസ്ഥാനത്തെസർക്കാർ ജീവനക്കാർക്കായി കുടുംബക്ഷേമ സഹായ പദ്ധതി (ഫാമിലി ബെനിഫിറ്റ് സ്കീം) നടപ്പിലാക്കിയത്. ആയത് പ്രകാരം ക്ലാസ് IV ജീവനക്കാർക്ക് 7 രൂപ വീതവും, മറ്റു ജീവനക്കാർക്ക് 10 രൂപ വീതവും മാസവരി സംഖ്യ നിരക്കുകളായി നിശ്ചയിച്ചിരുന്നു. എന്നാൽ ഈ നിരക്കുകൾ, 16/05/1998 ലെ 1463/98/ധന ഉത്തരവ് പ്രകാരം, 04/1998 പ്രാബല്യത്തിൽ, ക്ലാസ് IV ജീവനക്കാർക്ക് 25 രൂപയും മറ്റു ജീവനക്കാർക്ക് 50 രൂപയും പ്രതിമാസ വരിസംഖ്യ ആക്കി പരിഷ്കരിക്കുകയുണ്ടായി. അതനുസരിച്ച് സർവീസിലിരിക്കെ മരണപ്പെടുന്ന വ്യക്തിക്ക്, ടിയാൻ സമർപ്പിക്കുന്ന ഓപ്ഷന് ആനുപാതികമായി, 10 രൂപ ഓപ്ഷന് 10,000/- രൂപയും 25 രൂപ ഓപ്ഷന് 25,000/- രൂപയും 50 രൂപ ഓപ്ഷന് 50,000/-രൂപയും മരണാനന്തര അനുകൂല്യമായി മരണപ്പെട്ടയാളിന്റെ നിയമാനുസൃത അവകാശിക്കു നൽകി വരുന്നുണ്ട്. |
| B. | ഈ ഇനത്തിൽ കുടിശ്ശിക തുകയായി ഓരോ ജില്ലയിലും എത്ര തുക നൽകാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | B | ഈ ഇനത്തിൽ കുടിശ്ശിക തുകയായി ഒന്നും തന്നെ നല്കാനില്ല. സർവീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും, ടിയാന്റെ കുടുംബക്ഷേമ പദ്ധതി തീർപ്പാക്കുന്നതിനായി, വകുപ്പ് മേധാവിക്ക് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പൂർണ്ണമാണെങ്കിൽ 19/10/1977 ലെ സ. ഉ. (പി) നം 405/77/ധന ഉത്തരവ് പ്രകാരവും, 16/05/1998 ലെ 1463/98/ധന ഉത്തരവ് പ്രകാരവും വകുപ്പ് മേധാവി തന്നെ തീർപ്പ |

| | | | |
|---|---|---|---|
| | | | കൽപ്പിക്കുന്നു. എന്നാൽ അപാകതകളുള്ള അപേക്ഷകൾ വകുപ്പ് മേധാവികൾ സർക്കാരിലേക്ക് സമർപ്പിക്കുകയും, ആയതു സമയബന്ധിതമായി തീർപ്പുകല്പിക്കുകയും ചെയ്തു വരുന്നു. ആയതിനാൽ ഈ ഇനത്തിൽ കുടിശ്ശികയായി ഒന്നും തന്നെ നല്കാനില്ല. |
| C. | ഈ തുക നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്ത് തുക ലഭിക്കാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | C | കുടുംബക്ഷേമ പദ്ധതി (ഫാമിലി ബെനിഫിറ്റ് സ്കീം) പൂർണ്ണമായും ഒരു സംസ്ഥാന പദ്ധതിയാണ്; ഈ തുക നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ഒരു തുകയും ലഭിക്കുന്നില്ല. |
| D. | ആയതു ലഭ്യമാക്കുന്നതിനു എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കാമോ? | D | ഉത്തരം സി യുടെ അടിസ്ഥാനത്തിൽ ബാധകമല്ല |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**